ഉത്തരം

(എ) '244' ഗ്രാമപഞ്ചായത്തുകൾ.

(ബി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും, ബജറ്റിൽ വർഷാവർഷം അനുവദിക്കുന്ന തുകയും കണക്കിലെടുത്ത് ഘട്ടം ഘട്ടമായി ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

പരിയാരം ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾ

174 [1778] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജിൽ വേണ്ടത്ര അദ്ധ്യാപകരില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ബിരുദാനന്തര പഠനം ആരംഭിച്ചിട്ടുള്ള വകുപ്പുകളുടെ വികസനത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച തുക ഈ കോളേജിന് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) കണ്ണൂർ ആയുർവേദ കോളേജിന്റെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 31-5-2005-ൽ നടത്തിയ പ്രമോഷൻ/സ്ഥലംമാറ്റ ഉത്തരവിലൂടെ ഈ അദ്ധ്യാപക ക്ഷാമം വളരെയേറെ പരിഹരിച്ച് കഴിഞ്ഞിട്ടുണ്ട്. ട്യൂട്ടർ തസ്തികയിലെ ഒഴിവുകൾ എല്ലാം പബ്ളിക്ക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തുകഴിഞ്ഞു. 2005 ഡിസംബർ 31-ാം തീയതി വരെ ഒഴിവ് വരുന്ന തസ്തികകളിലേക്ക് ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മിറ്റി (ഡി. പി. സി.) കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ലഭ്യമായിട്ടുണ്ട്.

(സി) കണ്ണൂർ ആയുർവേദ കോളേജിൽ പഞ്ചകർമ്മ ഡിപ്പാർട്ടുമെന്റ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ കോളേജ് ആശുപത്രിയിൽ വിവിധ പാരാമെഡിക്കൽ തസ്തികകളിലായി 9 പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവിറക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly